**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **13-09-2023 - ൽ മറുപടിയ്ക്ക്**

**ബോണക്കാട് എസ്റ്റേറ്റിലെ ചികിത്സാ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിതുര ഗ്രാമപഞ്ചായത്തിൽ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം ലഭ്യമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ചയിൽ വിതുര താലൂക്ക് ആശുപത്രിയിൽ നിന്നും ഡോക്ടർ, ഫാർമസിസ്റ്റ്, ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാ പ്രവർത്തകർ ഉൾപ്പെടുന്ന ടീം ബോണക്കാട് എസ്റ്റേറ്റ് സന്ദർശനം നടത്തുകയും ക്യാമ്പ് നടത്തുകയും ആവശ്യത്തിനുള്ള മരുന്ന് വിതരണം നടത്തുകയും ചെയ്തു വരുന്നു. മാത്രമല്ല കൂടുതൽ പരിചരണം ആവശ്യമുള്ള രോഗികളെ വിതുര താലൂക്ക് ആശുപത്രിയിലും നെടുമങ്ങാട് ജില്ലാ ആശുപത്രിയിലും തുടർ ചികിത്സ നടത്തി വരുന്നു. കൂടാതെ, ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാവർക്കർ എന്നിവർ മാസത്തിൽ രണ്ട് തവണയിൽ കുറയാതെ ഗൃഹ സന്ദർശനം നടത്തുകയും ചികിത്സയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മാസത്തിലൊരിക്കൽ വിതുര ആശുപത്രിയിലെ പാലിയേറ്റീവ് കെയർ നേഴ്സിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്.<br><br>19.08.2023 ന് ജില്ലാ മെഡിക്കൽ ഓഫീസറിന്റെ നേതൃത്വത്തിൽ വിതുര താലൂക്ക് ആശുപത്രിയും, നെടുമങ്ങാട് ജില്ലാ ആശുപത്രിയും ചേർന്നുകൊണ്ട് ഒരു മെഗാ ക്യാമ്പ് ബോണക്കാട് എസ്റ്റേറ്റിൽ വച്ച് നടത്തുകയും ചെയ്തു. ക്യാമ്പിൽ നേത്ര രോഗ പരിശോധന, ചർമ്മ പരിശോധന, ദന്ത പരിശോധന, സ്ത്രീ രോഗ പരിശോധന, ക്യാൻസർ രോഗ പരിശോധന, പകർച്ചവ്യാധി രോഗ പരിശോധന (എൻ.സി.ഡി), വിവ ക്യാമ്പയിൻ എന്നിവ നടത്തുവാൻ കഴിഞ്ഞു. ഇപ്പോൾ നടത്തിയ ക്യാമ്പിന് പുറമെ എൻ.സി.ഡി ക്യാമ്പ് മാസത്തിൽ ഒരു പ്രാവശ്യം നടത്തുവാൻ തീരുമാനിച്ചു. കൂടാതെ അടുത്ത മാസം മുതൽ രണ്ടാഴ്ചയിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ബി) | ഉത്തരം മേൽ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ